## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3458** **26-10-2021 - ൽ മറുപടിയ്ക്ക്**

## പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയ്ക്കായി സംസ്കരണ യൂണിറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിച്ച് വില്പന നടത്തുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിനും വില്പന നടത്തുന്നതിനും കൃഷി വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ ഏർപെടുത്തുന്നതിനുള്ള നടപടികളും ആലോചനയിലാണ്. കൂടാതെ കേരള ഫാം ഫ്രഷ് അടിസ്ഥാന വില പദ്ധതി പ്രകാരം തിരഞ്ഞെടുത്ത 550 വിപണികൾ വഴി പഴം പച്ചക്കറികൾ സംഭരിക്കുന്നു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ യഥാസമയം സംഭരിച്ചു വിപണനം നടത്തി വരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി 562 പുതിയ ആഴ്ച്ചചന്തകൾ വഴിയും, മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി തുടങ്ങിയ 100 നഗര വഴിയോര ചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂക്ഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില |

| | | | |
|---|---|---|---|
| | | | ലഭിക്കുന്നതിനും ഉത്പന്നങ്ങൾ നഷ്ടപ്പെടാതെ വിൽക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴി ഒരുക്കുന്നു. വി.എഫ്.പി.സി കെ യുടെ കീഴിൽ വയനാട്ടും തൃശ്ശൂരും ആരംഭിച്ചിട്ടുള്ള പായ്ക്ക് ഹൗസുകളിൽ പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സൂക്ഷിക്കുന്നതിന് 20 മെട്രിക് ടൺ സംഭരണശേഷിയുള്ള ശീതീകരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ശീതകാല പച്ചക്കറികൾ കേടു കൂടാതെ സൂക്ഷിക്കുന്നതിനായി ഹോർട്ടികോർപ്പ് മൂന്നാർ ജില്ലാ സംഭരണ കേന്ദ്രത്തിന്റെ കീഴിൽ ഒരു കോൾഡ് സ്റ്റോറേജിലും ഈ ഉൽപ്പന്നങ്ങൾ മറ്റു ജില്ലകളിൽ എത്തിക്കുന്നതിനായി ഒരു ശീതീകരണ സംവിധാനമുള്ള റീഫർ വാനും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഫുഡ് പാർക്കുകളും സംസ്കരണ യൂണിറ്റുകളും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കാർഷിക മേഖലയിൽ മൂല്യവർധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KIIFB യുടെ സാമ്പത്തിക സഹായത്തോടെ അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികൾ എസ്.എഫ്.എ.സി വഴി നടപ്പാക്കിവരുന്നു. കൂടാതെ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധനവ് ഉണ്ടാക്കാൻ നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കൻഡറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ ഈ വർഷം സഹകരണ വകുപ്പിലൂടെയും, കൃഷി വകുപ്പിലൂടെയും നടപ്പിലാക്കുന്നു. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ച ഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി കേരളത്തിൽ 150 കർഷക ഉത്പാദക സംഘടനകൾ ആരംഭിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. എസ്.എഫ്.എ.സി. കേരള, വി.എഫ്.പി.സി.കെ എന്നി സ്ഥാപങ്ങൾ മുഖേനയാണ് FPO കളുടെ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇത് വഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും, തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കാർഷികോൽപ്പാദനം മുതൽ വിപണനം, മൂല്യവർദ്ധനവ്, അവയുടെ വിപണനം |

| | | | |
|---|---|---|---|
| | | | എന്നിവയുടെ എല്ലാം ഏകോപനവും FPO കൾ ഉറപ്പാക്കുന്നതാണ് . സഹകരണ വകുപ്പുമായി ചേർന്ന് ഭക്ഷ്യോൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

| ക്രമ നം | സംരംഭം | മൂലധന നിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1 | സൂക്ഷ്മ തല സംരംഭം | 25 ലക്ഷം രൂപവരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2 | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3 | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി വരെ | 30% പരമാവധി 50 ലക്ഷം |